**പതിനാലാം കേരള നിയമ സഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമ സഭാ ചോദ്യം 2431

06.12.2018 ലെ മറുപടിയ്ക്ക്

**സി. ആന്റ്.എ.ജി. റിപ്പോർട്ടുകളിന്മേലുള്ള പരിഹാര നടപടി റിപ്പോർട്ട്**

| ചോദ്യം<br>ശ്രീ. ഹൈബി ഈഡൻ | മറുപടി<br>ഡോ. ടി.എം. തോമസ് ഐസക്ക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) സി. ആന്റ്.എ.ജി. റിപ്പോർട്ടുകൾ നിയമ സഭയിൽ സമർപ്പിച്ച കഴിഞ്ഞാൽ എത്ര മാസത്തിനുള്ളിലാണ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് പരിഹാര നടപടി റിപ്പോർട്ട് സമർപ്പിക്കേണ്ടത്; ഇതു സംബന്ധിച്ച് ധനകാര്യ വകുപ്പ് എന്തെങ്കിലും സർക്കുലർ ഇറക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ സർക്കുലറിന്റെപകർപ്പ് ലഭ്യമാക്കുമോ: | സി. ആന്റ്.എ.ജി. റിപ്പോർട്ടുകൾ നിയമ സഭയിൽ സമർപ്പിച്ച കഴിഞ്ഞാൽ 3 മാസത്തിനുള്ളിൽ 'പരിഹാര നടപടി റിപ്പോർട്ട്' പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് നല്കുന്നതിനായി നിയമ സഭാ സെക്രട്ടറിയേറ്റിൽ സമർപ്പിക്കേണ്ടതാണ്. 03.04.1997 ലെ 27/97/ധന, 31/07/1997 ലെ 62/97/ധന നമ്പർ സർക്കുലറുകൾ ടി വിഷയം സംബന്ധിച്ചിട്ടുള്ളവയാണ്. ടി സർക്കുലറുകൾ ധനകാര്യ വകുപ്പിന്റെ കൈപ്പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ വെബ് സൈറ്റിൽ (പ്രസിദ്ധീകരണങ്ങളിൽ ) ലഭ്യമാണ്. |
| (ബി) 2016-17 സാമ്പത്തിക വർഷം മുതലുള്ള സി.ആന്റ്.എ.ജി. റിപ്പോർട്ടുകളി ന്മേലുള്ള 'പരിഹാര നടപടി റിപ്പോർട്ട്' പബ്ലിക് അക്കൗണ്ട് കമ്മിറ്റിയ്ക്ക് നല്കിയ വകുപ്പുകൾ ഏതെന്ന് വ്യക്തമാക്കുമോ; | സി.ആന്റ്.എ.ജി. യുടെ ജനറൽ & സോഷ്യൽ സെക്ടർ, ഇക്കണോമിക് സെക്ടർ , സംസ്ഥാന സമ്പദ് വ്യവസ്ഥ , റവന്യൂ സെക്ടർ , റിപ്പോർട്ടുകളിൽ അതാത് ഭരണ വകുപ്പുകൾ നേരിട്ടാണ് പരിഹാര നടപടി റിപ്പോർട്ട് നിയമ സഭയിൽ നല്കുന്നത്. ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട സംസ്ഥാന സമ്പദ് വ്യവസ്ഥ റിപ്പോർട്ടിലും നടപടി റിപ്പോർട്ട് ധനവകുപ്പിലുള്ള ഭരണ വകുപ്പുകൾ നേരിട്ടാണ് നിയമ സഭയിൽ നല്കുന്നത്. |

| | |
|---|---|
| (സി) മേൽ സൂചിപ്പിച്ച കാലയളവിലെ പരിഹാര നടപടി റിപ്പോർട്ട് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയ്ക്ക് നല്കാത്ത വകുപ്പുകൾ ഏവ; നല്കാത്ത വകുപ്പ മേധാവികളുടെ പേരിൽ എന്തെങ്കിലും വകുപ്പ്തല നടപടി എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ; | സി.ആന്റ്.എ.ജി. യുടെ ജനറൽ & സോഷ്യൽ സെക്ടർ, ഇക്കണോമിക് സെക്ടർ , സംസ്ഥാന സമ്പദ് വ്യവസ്ഥ , റവന്യൂ സെക്ടർ , റിപ്പോർട്ടുകളിൽ ഭരണ വകുപ്പ് നേരിട്ടാണ് പരിഹാര നടപടി റിപ്പോർട്ട് നിയമ സഭയിൽ നല്കുന്നത്. എന്നിരുന്നാലും സി.ആന്റ്.എ.ജി. റിപ്പോർട്ടുകളിന്മേലുള്ള പരിഹാര നടപടി റിപ്പോർട്ട് നിശ്ചിത കാലയളവിനുള്ളിൽ നിയമ സഭയിൽ സമർപ്പിക്കുന്നതിനും കുടിശ്ശിക എത്രയും വേഗം തീർക്കുന്നതിനുമായി നടത്തപ്പെടുന്ന അപ്പെക്സ് കമ്മിറ്റി മീറ്റിംഗിനായി അക്കൗണ്ടന്റ് ജനറൽ നല്കിയിട്ടുള്ള നിലവിലെ കുടിശ്ശിക ലിസ്റ്റ് പ്രകാരം 2016-17 കാലയളവിൽ കൃഷി വകുപ്പ്, എക്സൈസ് വകുപ്പ്, ധനവകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ഉന്നത വിദ്യാഭ്യാസ വകുപ്പ്, ആഭ്യന്തര വകുപ്പ്, തൊഴിലും നൈപുണ്യവും വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, റവന്യൂ വകുപ്പ്, ഗതാഗത വകുപ്പ്, ജലവിഭവ വകുപ്പ്, എന്നീ വകുപ്പുകളിൽ നിന്നും പരിഹാര നടപടി റിപ്പോർട്ട് അക്കൗണ്ടന്റ് ജനറലിന് ലഭ്യമായിട്ടില്ല എന്ന് അറിയിച്ചിരിക്കുന്നു. വകുപ്പ മേധാവികളുടെ പേരിൽ എന്തെങ്കിലും വകുപ്പ് തല നടപടി എടുത്തതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ